ക്കുടാ. എങ്കിലും ഇദ്ദേഹം ഇതിന്റെ മേധാവിയായതുകൊണ്ട് ഇവയെപ്പറ്റി മന്നം അറിഞ്ഞുകൂടാത്ത ആളാണെന്നു വിചാരിക്കാൻ ന്യായമില്ല.

MR. K. S. JOSEPH (*Thiruvalla IV—General*) : പരിശീലനം സിദ്ധിച്ചിട്ടുള്ളവർക്ക്, അതായതു് പരിശീലനം സിദ്ധിച്ചു്, വ്യവസായശാലയിൽനിന്നും പുറത്തു പോയവർക്ക് വല്ല പ്രോത്സാഹനവും നൽകിയിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : അതിനുവേണ്ടി നടപടി നടത്തിക്കൊണ്ടുവരികയാണു്.

MR. MANNAR GOPALAN NAIR (*Thiruvalla I—General*) : കടലാസു നിർമ്മാണം ഒരു കുടിൽവ്യവസായം എന്ന നിലയിൽ നടത്തിവരുന്നവർക്ക് വല്ല ധനസഹായവും ഗവണ്മെൻറിൽനിന്നു് ചെയ്തുകൊടുത്തിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : അതിനെപ്പറ്റി സൂക്ഷ്മമായി പറയാൻ ഇപ്പോൾ നിവൃത്തിയില്ല.

MR. ABDUL AZIZ (*Trivandrum I-Muslim*) : ഇന്നത്തെ പരിശീലനകേന്ദ്രം നടത്തിക്കൊണ്ടുപോകുന്നതിനു് എന്തു ചെലവു വരുമെന്നു പറയാമോ?

HON'BLE MR. T. K. NARAYANA PILLAI : അനേഷിച്ചു പറയാം.

MR. KANNARA GOPALA PANICKER : ഈ വ്യവസായം രാജ്യത്തിനു് വളരെ ഉപയോഗമുള്ള ഒരു വ്യവസായമാണെന്നു ഗവണ്മെൻറിനു ബോദ്ധ്യമുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI: ഗവണ്മെൻറിനു ബോദ്ധ്യമുണ്ടു്.

Appointments in the Judicial Department.

* 334. MR. V. K. VARGHESE (*Pathanamthitta III—General*): Will the Honourable Minister for Judiciary be pleased to state :

(*a*) the number of vacancies occurred in the offices of (i) Munsiffs (ii) Second Judges (iii) District Judges (iv) High Court Judges, by the retirement of such officers on 1-1-1124;

(*b*) how many of these offices were filled with direct recruitment from the Bar together with the names of offices and the names of the persons appointed;

(*c*) whether any ratio is maintained for these appointments between the Bar and the Department ; and

(*d*) if there is a ratio, is it maintained ?

HON'BLE MR. A. J. JOHN :

(*a*) (i) Two
(ii) Two (one court was abolished)
(iii) Three
(iv) Two (one post was abolished)

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. A. J. John.]

(b)

Munsiffs	Four Two	Messrs. 1. G. Parameswaran [Pillai 2. A. P. Mohomed Ali
District Judge	One	Mr. S. Velu Pillai
High Court Judge	One	Mr. P. I. Simon

(c) Yes. No ratio as regards District Judges and High Court Judges. *For Second Judges*, 1:1 one from the Department and one from the Bar. *For Munsiffs* 1:3 one from the Department and 3 from the Bar.

(d) Yes.

MR. P. KUNJUKRISHNAN : മൊഫസിൽ കോടതികളിൽനിന്നും ആരെ എങ്കിലും നിയമിച്ചിട്ടുണ്ടോ ?

HON'BLE MR. A. J. JOHN : ഇല്ല.

MR. P. KUNJUKRISHNAN : അതിനുള്ള കാരണമെന്താണെന്നു പ്രസ്താവിക്കാമോ ?

HON'BLE MR. A. J. JOHN : മുനിസിഫന്മാരേയും മറ്റും നിയമിക്കുന്നതു് ഹൈക്കോടതിയുടെ ശുപാർശ അനുസരിച്ചാണ്. ഗവണ്മെൻറിനു് ഇപ്പോൾ അവരുടെ ശുപാർശക്കു് വിപരീതമായി പ്രവർത്തിക്കാൻ നിവൃത്തിയില്ല.

MR. K. RAMAKRISHNA PILLAI : ഇപ്രകാരമുള്ള നിയമനങ്ങൾ നടത്തുന്നതു് മൊഫുസിൽ കോടതികളെ അവഗണിച്ചുകൊണ്ടാണെന്നു വിചാരിക്കുന്നതിൽ തെറ്റുണ്ടോ ?

HON'BLE MR. A. J. JOHN : ചില സന്ദർഭങ്ങളിൽ അങ്ങനെ സംഭവിക്കുമെന്നു് പറയാനേ എനിക്കു നിവൃത്തിയുള്ളൂ.

MR. D GNANASIGAMONI (*Kalkulam II—General*) : May I know whether any Tamilian has been recruited to the High Court ?

HON'BLE MR. A. J. JOHN : At present there is no Tamilian in the High Court.

MR. K. S. JOSEPH : ഡിസ്ട്രിക്റ്റ് ജഡ്ജിയെ നിയമിക്കുമ്പോൾ പ്രൊമോഷനായിട്ടു നിയമിക്കുമോ ? അതോ നേരിട്ടു സ്ഥിരമായിട്ടുതന്നെ നിയമിക്കുമോ ?

HON'BLE MR. A. J. JOHN : അതു വേക്കൻസിയുടെ സ്വഭാവംപോലെയാണ്.

വനംകൃഷി.

* 335. MR. T. T. KESAVAN SASTRI (*Kunnathunad I—Pulaya*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി സ്വയം മറുപടി പറയുമോ ?

LIBRARY ARCHIVES Kerala Legislative Assembly